"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ്- പഞ്ചായത്ത് ജീവനക്കാര്യം - പെരുവയൽ ഗ്രാമ പഞ്ചായത്ത് മുൻ സീനിയർ ക്ലാർക്ക് ശ്രീ.അനീഷ്.കെ സമർപ്പിച്ച അപ്പീൽ അപേക്ഷ നിരസിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1274/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 06/07/2021

---

പരാമർശം:- 1 പഞ്ചായത്ത് ഡയറക്ടറുടെ 09/07/2019 ലെ PAN/27693/2018-D1(DP) നമ്പർ ഉത്തരവ്.

3 തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി മുമ്പാകെ ശ്രീ.അനീഷ് കെ 14/09/2019 ൽ സമർപ്പിച്ച അപ്പീൽ അപേക്ഷ.

4 പഞ്ചായത്ത് ഡയറക്ടറുടെ 15/01/2020 ലെ PAN/27693/2018-D1(DP) നമ്പർ റിപ്പോർട്ട്.

<u>ഉത്തരവ്</u>

കോഴിക്കോട് ജില്ലയിലെ പെരുവയൽ ഗ്രാമപഞ്ചായത്തിൽ സീനിയർ ക്ലാർക്കായി ജോലി ചെയ്തു വരവേ ശ്രീ അനീഷ്.കെയ്ക്കെതിരെ ഔദ്യാഗിക ജോലി നിർവ്വഹിക്കുന്നതിൽ കുറ്റകരമായ അനാസ്ഥ, ഓഫീസിൽ അനധികൃതമായി ഹാജരാകാതിരിക്കുക, ഏൽപ്പിച്ച കാര്യങ്ങൾ യഥാവിധി ചെയ്യാതിരിക്കുക, എം ബുക്ക് തുടങ്ങിയ ഔദ്യോഗിക രേഖകൾ നഷ്ടപ്പെടുത്തുക, പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിൽ ഗ്രാമപഞ്ചായത്തിന് സഹായകരമായ നിലപാടുകൾ സ്വീകരിക്കാതിരിക്കുക തുടങ്ങിയ കുറ്റങ്ങൾ മുൻനിറുത്തി ടിയാന്റെ 3 വാർഷിക ശമ്പള വർദ്ധനവുകൾ സഞ്ചിതഫലത്തോടെ തടഞ്ഞുകൊണ്ട് പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവിനെതിരെയാണ് ശ്രീ.അനീഷ്. കെ പരാമർശം (2) പ്രകാരം സർക്കാരിൽ അപ്പീൽ അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. ശ്രീ.അനീഷ്.കെ സമർപ്പിച്ച അപ്പീൽ അപേക്ഷയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

മുകളിൽ സൂചിപ്പിച്ച കുറ്റങ്ങൾ മുൻനിറുത്തി കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആരംഭിച്ച അച്ചടക്ക നടപടി ടിയാന്റെ 2 വാർഷിക ശമ്പള വർദ്ധനവുകൾ സഞ്ചിതഫലത്തോടെ തടഞ്ഞുകൊണ്ട് തീർപ്പാക്കി ഉത്തരവായിരുന്നു. ആയതിനെതിരെ ശ്രീ.അനീഷ് സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ സീനിയർ ക്ലാർക്കിന്റെ അച്ചടക്ക അധികാരി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അല്ലാത്തതിനാൽ പ്രസ്തുത ഉത്തരവ് റദ്ദാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. ആയത് അംഗീകരിച്ച്

10.09.2013 ൽ പ്രസ്തുത ഉത്തരവ് റദ്ദാക്കി ഉത്തരവ് പുറപ്പെടുവിക്കുകയും 07.08.2017 ന് ടി കുറ്റാരോപണങ്ങൾ മുൻനിറുത്തി പഞ്ചായത്ത് ഡയറക്ടറുടെ ഓഫീസിൽ നിന്നും മെമ്മോ നൽകി അച്ചടക്ക നടപടി ആരംഭിക്കുകയും ചെയ്തു. കുറ്റാരോപണമെമ്മോക്ക് ശ്രീ.അനീഷ് നൽകിയ എതിർവാദ പത്രികയിലെ വാദങ്ങൾ നിലനൽക്കുന്നതല്ലെന്ന് കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അഭിപ്രായപ്പെടുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത വിഷയത്തിൽ ഔപചാരിക അന്വേഷണം നടത്തി കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നൽകിയ റിപ്പോർട്ടിലും ടിയാന്റെ ഭാഗത്ത് ഗുരുതരമായ വീഴ്ചകളും അച്ചടക്ക ലംഘനവും സംഭവിച്ചിട്ടുള്ളതായി റിപ്പോർട്ട് ചെയ്യുകയും, മേൽ സാഹചര്യത്തിൽ ടിയാന്റെ 3 വാർഷിക ശമ്പള വർദ്ധനവുകൾ സഞ്ചിതഫലത്തോടെ തടയുന്നതിന് താത്ക്കാലികമായി തീരുമാനിച്ച് പഞ്ചായത്ത് ഡയറക്ടർ കാരണം കാണിക്കൽ നോട്ടീസ് നൽകുകയും പ്രസ്തുത ശിക്ഷ അന്തിമമാക്കുന്നതിന് മുമ്പായി ടിയാനെ നേരിൽ കേൾക്കുന്നതിന് സമയം അനുവദിക്കുകയും ഹിയറിംഗിൽ ശ്രീ.അനീഷ് എഴുതി സമർപ്പിച്ച സ്റ്റേറ്റ്മെന്റിൽ ആരോപണവിധേയമായ വിഷയം 6 വർഷം മുമ്പുള്ളതായതിനാൽ ഫയലുകൾ പരിശോധിക്കാതെ കൃത്യമായ മറുപടി നൽകുന്നതിന് കഴിയുന്നില്ലെന്നും രേഖകൾ കിട്ടിയാൽ 15 ദിവസത്തിനകം വിശദമായ മറുപടി സമർപ്പിക്കുന്നതാണെന്നും 15.06.2019 നകം പെരുവയൽ ഗ്രാമപഞ്ചായത്തിൽ രേഖകൾ പരിശോധിക്കുന്നതിന് പോകുന്നതാണെന്നും അറിയിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത കാലയളവിനുള്ളിൽ ശ്രീ.അനീഷ്.കെ യാതൊരു മറുപടിയും നൽകിയിട്ടില്ലയെന്നും 15 ദിവസമാണ് രേഖകൾ പരിശോധിച്ച് വിശദമായ മറുപടി സമർപ്പിക്കുന്നതിന് ടിയാന് നൽകിയിരുന്നതെന്നും പെരുവയൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 27.06.2019 ലെ എ 3-446/2012 നമ്പർ കത്ത് പ്രകാരം, ശ്രീ.അനീഷിന് ഫയൽ പരിശോധിക്കുന്നതിനുള്ള സജ്ജീകരണം 15.06.2019 ന് ഒരുക്കിയിരുന്നെങ്കിലും ടിയാൻ ഫയൽ പരിശോധിക്കുന്നതിന് പെരുവയൽ ഗ്രാമപഞ്ചായത്ത് ഓഫീസിൽ ഹാജരായിട്ടില്ലെന്നും ശ്രീ.അനീഷ് രേഖകൾ പരിശോധിക്കാൻ പെരുവയൽ പഞ്ചായത്തിൽ ഹാജരാകാതിരിക്കുകയും ഓഫീസിൽ റിപ്പോർട്ട് സമർപ്പിക്കാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ ടിയാന്റെ 3 വാർഷിക ശമ്പള വർദ്ധനവുകൾ സഞ്ചിത ഫലത്തോടെ തടഞ്ഞുകൊണ്ട് പുറപ്പെടുവിച്ചിരുന്ന താത്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി പഞ്ചായത്ത് ഡയറക്ടർ ഉത്തരവാകുകയാണുണ്ടായത്.

പ്രസ്തുത ഉത്തരവിനെതിരെയാണ് ടിയാൻ സർക്കാരിൽ അപ്പീൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. പ്രസ്തുത അപ്പീൽ അപേക്ഷയിലെ ടിയാന്റെ വാദങ്ങൾ ഇപ്രകാരമായിരുന്നു.

"കോഴിക്കോട് ഡെപ്യൂട്ടി ഡയറക്ടർ നിയമവിരുദ്ധമായി നൽകിയ കുറ്റാരോപണ മെമ്മോയ്ക്കും കുറ്റാരോപണ പത്രികയ്ക്കും വ്യക്തമായി മറുപടി നൽകുന്നതിന് രേഖകൾ പരിശോധിക്കുന്നതിനും ആയതിന്റെ പകർപ്പ് എടുക്കുന്നതിനും അനുവദിക്കാതെ അച്ചടക്ക നടപടി തീർപ്പാക്കുകയുണ്ടായി. നിയമവിരുദ്ധമായ ടി ഉത്തരവിനെതിരെ പഞ്ചായത്ത് ഡയറക്ടർക്ക് അപ്പീൽ സമർപ്പിക്കുകയുണ്ടായി. ടി അപ്പീൽ ഹർജിയുടെ അടിസ്ഥാനത്തിൽ അപ്പീൽ അനുവദിച്ചുകൊണ്ടും കോഴിക്കോട് പഞ്ചായത്ത്

ഡെപ്യൂട്ടി ഡയറക്ടറുടെ, ശമ്പള വർദ്ധനവ് തടഞ്ഞുകൊണ്ടുള്ള ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടും ഉത്തരവിടുകയുണ്ടായി. മേൽ നടപടിക്കുശേഷം നാല് വർഷം പിന്നിട്ടതിനുശേഷം ആറ് വർഷം പഴക്കമുള്ള ഇതേ വിഷയത്തിൽ 1960 ലെ കേരള സിവിൽ സർവ്വീസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് ഡയറക്ടർ ഇതേ കുറ്റത്തിന് വീണ്ടും കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും നൽകുകയുണ്ടായി. ടി വിഷയവുമായി ബന്ധപ്പെട്ട ഫയലുകൾ മെഷർമെന്റ് ബുക്കുകൾ എന്നിവ തിരയുന്നതിന് 25.10.17 ന് പെരുവയൽ ഗ്രാപഞ്ചായത്ത് ഓഫീസിൽ ഹാജരാകണമെന്ന് കാണിച്ചുകൊണ്ട് പെരുവയൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി കത്ത് നൽകുകയുണ്ടായി. മറ്റൊരു ഓഫീസിൽ സേവനം അനുഷ്ഠിക്കുന്ന കുറ്റാരോപിതനായ താൻ ഫയൽ തിരയണമെന്ന നിർദ്ദേശം അനുസരിക്കാൻ നിർവ്വാഹമില്ലെന്ന് അറിയിച്ചിരുന്നു എന്നും തുടർന്ന് കുറ്റാരോപിതനായ താൻ നാളിതുവരെയും എതിർവാദവിവരപത്രിക നൽകിയിട്ടില്ലാത്തതിനാൽ കുറ്റാരോപണ പത്രികയിലെ ആരോപണങ്ങൾ പൂർണ്ണമായും അംഗീകരിച്ചിരിക്കുന്നതായി വിലയിരുത്തി കേരള സിവിൽ സർവ്വീസുകൾ (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള ഒരു ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സർപ്പിക്കുന്നതിന് കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവാകുകയുണ്ടായി. ഉത്തരവിന്റെ അടിസ്ഥാനത്തിൽ അന്വേഷണ വിചാരണ നടത്തുകയും അന്വേഷണ വിചാരണ തുടരുന്നതിന് മുമ്പ് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടോ എന്ന് ആരായുകയും ആയതിന് ഉത്തരമായി ടി വിഷയം 6 വർഷം മുമ്പുള്ള വിഷയമായതിനാൽ ഫയലുകൾ പരിശോധിക്കാതെ കാര്യങ്ങൾ ഓർമിച്ചെടുക്കാൻ കഴിയാത്ത അവസ്ഥയുണ്ടെന്നും കാര്യങ്ങൾ യഥാസ്ഥിതി മനസ്സിലാക്കാതെ 6 വർഷം മുമ്പുള്ള വിഷയത്തിൽ ഇന്ന് നടന്നുകൊണ്ടിരിക്കുന്ന ഔപചാരിക അന്വേഷണത്തിൽ കൃത്യതയും വസ്തുതയുമാർന്ന മറുപടി ബോധിപ്പിക്കുന്നതിന് കഴിയാതെ വന്നിരിക്കുന്നുവെന്നും ആകയാൽ ടി വിഷയവുമായി ബന്ധപ്പെട്ട മുഴുവൻ ഫയലുകളും പരിശോധിക്കണമെന്ന തന്റെ ആവശ്യം പരിഗണിക്കാതെ ടി വിഷയത്തിൽ ഏകപക്ഷീയമായ തീരുമാനം കൈക്കൊള്ളരുതെന്ന് അപേക്ഷിക്കുകയും ചെയ്തു. തുടർന്ന് പഞ്ചായത്ത് ഡയറക്ടർ കാരണംകാണിക്കൽ നോട്ടീസ് അയക്കുകയുണ്ടായി. പ്രസ്തുത കാരണംകാണിക്കൽ നോട്ടീസിൽ കുറ്റാരോപിതന്റെ 3 വാർഷിക ശമ്പള വർദ്ധനവ് സഞ്ചിത ഫലത്തോടെ തടഞ്ഞു തീർപ്പാക്കുന്നതിന് താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നുവെന്നും പ്രസ്തുത താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്താതിരിക്കാൻ തക്ക കാരണങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ നോട്ടീസ് കൈപറ്റി 30 ദിവസത്തിനകം രേഖാമൂലം പഞ്ചായത്ത് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമാണെന്ന് രേഖപ്പെടുത്തിയിരുന്നു. ഇതോടൊപ്പം എൻക്വയറി ഓഫീസറുടെ നിയമാനുസൃതമല്ലാത്തൊരു റിപ്പോർട്ടിന്റെ പകർപ്പും അടക്കം ചെയ്തിട്ടുണ്ടായിരുന്നു. തുടർന്ന് പഞ്ചായത്ത് ഡയറക്ടറുടെ ചേമ്പറിൽ വെച്ച് ഹിയറിംഗ് നടത്തുകയുണ്ടായി. 6 വർഷം മുമ്പുള്ള വിഷയമായതിനാൽ കൃത്യതയും വസ്തുതയുമാർന്ന മറുപടി ബോധിപ്പിക്കുന്നതിന് തനിക്ക് കഴിയാതെ വന്നിരിക്കുന്നുവെന്നും ആകയാൽ ടി വിഷയവുമായി ബന്ധപ്പെട്ട മുഴുവൻ ഫയലുകളും പരിശോധിക്കണമെന്ന തന്റെ അപേക്ഷകൾ അനുഭാവപൂർവ്വം പരിഗണിക്കണമെന്നും ഏകപക്ഷീയമായി തീരുമാനം കൈകൊള്ളരുതെന്നും അപേക്ഷിച്ചിരുന്നു. രേഖകൾ കിട്ടിയാൽ 15 ദിവസത്തിനകം വിശദമായ മറുപടി സമർപ്പിക്കുന്നതാണെന്ന് മറുപടി നൽകുകയും ചെയ്തു. 15.06.2019 തീയതിക്കകം രേഖകൾ പരിശോധിക്കുന്നതിന് അവസരം നൽകുന്നതിന് പെരുവയൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകാമെന്നും 15.06.2019 നകം പെരുവയൽ ഗ്രാമപഞ്ചായത്തിൽ പോകാമെന്നും എഴുതി തരുവാൻ പ്രസ്തുത ഹിയറിംഗിൽ ആവശ്യപ്പെടുകയുണ്ടായി. താൻ എഴുതി കൊടുക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. എന്നാൽ നാളിതുവരെയും തനിക്ക് രേഖകൾ

പരിശോധിക്കുന്നതിന് സെക്രട്ടറി സമയം അനുവദിച്ച് തന്നിട്ടുള്ളതല്ല. തുടർന്ന് 09.07.2019 തീയതിയിലെ ഉത്തരവ് പ്രകാരം ഗുരുതരമായ കൃത്യവിലോപം, അച്ചടക്ക ലംഘനം, ഔദ്യാഗിക കൃത്യ നിർവ്വഹണത്തിലെ വീഴ്ച എന്നിവ മുൻനിർത്തി കുറ്റാരോപണ മെമ്മോയിലെ ആരോപണങ്ങൾ സംശയലേശമന്യേ തെളിയിക്കപ്പെട്ട സാഹചര്യത്തിൽ ടിയാനെതിരായ അച്ചടക്ക നടപടി കാരണംകാണിക്കൽ നോട്ടീസിൽ നിശ്ചയിച്ച താൽക്കാലിക ശിക്ഷയായ ശ്രീ.അനീഷ്.കെയുടെ 3 വാർഷിക ശമ്പളവർദ്ധനവ് സഞ്ചിത ഫലത്തോടെ തടയുന്ന എന്ന താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവാകുകയുണ്ടായി" എന്ന് ബോധിപ്പിക്കുകയുണ്ടായി.

ശ്രീ.അനീഷ്.കെ.യുടെ അപ്പീൽ അപേക്ഷയിന്മേലുള്ള പഞ്ചായത്ത് ഡയറക്ടറുടെ ഖണ്ഡിക തിരിച്ചുള്ള അഭിപ്രായ റിപ്പോർട്ടിൽചുവടെ പറയുന്ന കാര്യങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീ.കെ.അനീഷ് കോഴിക്കോട് ജില്ലയ്ക്ക് പുറമെ സേവനം അനുഷ്ഠിച്ചിരുന്ന കണ്ണൂർ, എറണാകുളം എന്നീ ജില്ലകളിലും ടിയാനെതിരെ അച്ചടക്ക നടപടി ആരംഭിച്ചിട്ടുണ്ടെന്നും, ടിയാൻ കണ്ണൂർ ജില്ലയിലെ കേളകം ഗ്രാമപഞ്ചായത്തിൽ അക്കൗണ്ടന്റ് തസ്തികയിൽ സ്ഥാനക്കയറ്റം ലഭിച്ച് അനധികൃത ഹാജരില്ലായ്മയിൽ ആയതിനെ തുടർന്ന് ടിയാനെതിരെ അച്ചടക്ക നടപടി ആരംഭിച്ച് നടപടി പുരോഗമിച്ചു വരുന്നുവെന്നും എറണാകുളം ജില്ലയിൽ നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിൽ അക്കൗണ്ടന്റായിരിക്കവേ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിന്നതിനെ തുടർന്ന് ആരംഭിച്ച അച്ചടക്ക നടപടി താക്കീത് നൽകി തീർപ്പാക്കിയിട്ടുള്ളതാണെന്നും കൂടാതെ ടിയാൾ നിലവിൽ ഹെഡ് ക്ലാർക്കായി കോഴിക്കോട് ജില്ലയിലെ മൂടാടി ഗ്രാമപഞ്ചായത്തിൽ സേവനം അനുഷ്ഠിച്ചു വരികയാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പഞ്ചായത്തു ഡയറക്ടറുടെ ഉത്തരവ് പ്രകാരം അന്വേഷണ വിചാരണാധികാരിയായി കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആയിരുന്ന ശ്രീ.മുഹമ്മദ് ചെമ്മലയെ ചുമതലപ്പെടുത്തിയിരുന്നു എന്നും 1960 ലെ കേരള സിവിൽ സർവ്വീസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടം 15(1) പ്രകാരം ഈ റൂൾസിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ അന്വേഷണ വിചാരണ നടത്തിയാണ് വിചാരണാധികാരിയായ ശ്രീ.മുഹമ്മദ് ചെമ്മല ഔപചാരിക അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നത് എന്നും അന്വേഷണം പ്രോപ്പർ അല്ലെന്നു മാത്രമാണ് തന്റെ അപ്പീൽവാദത്തിൽ ശ്രീ.അനീഷ്.കെ പറഞ്ഞിരിക്കുന്നത് എന്നും എന്ത് ലംഘനമാണ് നടത്തിയതെന്ന് കൃത്യമായി പറഞ്ഞിട്ടില്ലെന്നും അന്വേഷണ വിചാരണാധികാരി, നിഷ്പക്ഷമായും മുൻവിധികളൊന്നും ഇല്ലാതെയുമാണ് എൻക്വയറി നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതെന്നും നേരത്തേ അന്വേഷണം നടത്തിയ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അല്ല അന്വേഷണ വിചാരണാധികാരി എന്നതിനാൽതന്നെ അന്വേഷണ വിചാരണാധികാരിക്ക് ഈ അന്വേഷണ വിചാരണയിൽ പക്ഷപാതവും മുൻവിധിയും വച്ച് പുലർത്തി കുറ്റാരോപിതനെ തേജോവധം ചെയ്യേണ്ട ആവശ്യവുമില്ലാത്തതാണ് എന്നും, ശ്രീ.അനീഷിന്റെ തന്നെ വ്യക്തിപരമായ ആവശ്യം പരിഗണിച്ച് ഔപചാരിക അന്വേഷണ വിചാരണ മറ്റൊരു ദിവസത്തേക്ക് മാറ്റി വച്ചിരുന്നെന്നും കൂടാതെ അന്വേഷണ വിചാരണ വേളയിൽ ടിയാന്റെ ഭാഗം വിശദീകരിക്കുന്നതിന്

ന്യായമായ അവസരം നൽകിയിരുന്നതിനാൽ എൻക്വയറി ഓഫീസർ സ്വാഭാവിക നീതി നിഷേധിച്ചു എന്ന അപ്പീൽ അപേക്ഷകന്റെ വാദം നിലനിൽക്കുന്നില്ലെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

ഈ കേസിൽ പ്രസന്റിംഗ് ഓഫീസറെ, അച്ചടക്കാധികാരി നാമനിർദ്ദേശം ചെയ്തിട്ടില്ലാത്തതാണ്. അന്വേഷണ വിചാരണാധികാരിയുടെ പരിധിയിലുള്ള ഓഫീസുമായി ബന്ധപ്പെട്ട വിഷയമാണ് അന്വേഷണ വിധേയമാക്കിയിട്ടുള്ളത്. കൂടാതെ എല്ലാ കേസിലും പ്രസന്റിംഗ് ഓഫീസർ ഉണ്ടായിരിക്കണമെന്ന് നിർബന്ധമില്ലാത്തതാണെന്ന് KCS (CC&A) 15(6) ൽ നിന്നും അനുമാനിക്കാവുന്നതുമാണ്. KCS(CC&A) ചട്ടം 15(7) പ്രകാരം അന്വേഷണ വിചാരണക്കിടയിൽ രേഖാമൂലമുള്ള തെളിവുകൾ പരിഗണിക്കേണ്ടതും, വാക്കാൽ തെളിവ് എടുക്കേണ്ടതുമാണ് എന്നാണ് ശ്രീ അനീഷ് ചൂണ്ടിക്കാട്ടിയിരിക്കുന്നത്. 2011 ലെ വിഷയവുമായി ബന്ധപ്പെട്ട രേഖാമൂലമുള്ള തെളിവുകൾ ഉൾക്കൊള്ളുന്ന, കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ എ6-11034/11 നമ്പർ ഫയൽ പരിശോധിച്ചാണ് അന്വേഷണ വിചാരണാധികാരി റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതെന്നും പെരുവയൽ ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തിയ വേളയിൽ പെരുവയൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവർ ശ്രീ.അനീഷിനെതിരായി മൊഴി നൽകുകയും ഇവ അന്വേഷണ വിചാരണ റിപ്പോർട്ടിന്റെ ഭാഗമാക്കുകയും ചെയ്തിട്ടുണ്ട് എന്നും ആയതിനാൽതന്നെ മുൻ ജനപ്രതിനിധികളായ ഇവരിൽ നിന്ന് വീണ്ടും മൊഴിയെടുക്കേണ്ട ആവശ്യമില്ലാത്തതുമാണെന്നും കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കുറ്റാരോപിതൻ മുൻപ് ജോലി ചെയ്തിരുന്ന ഓഫീസിലെ രേഖകളും, അതേ കാലയളവിലെ പഞ്ചായത്ത് ഭരണസമിതി തീരുമാനങ്ങളും കൂടിയാണ് അന്വേഷണ വിചാരണ റിപ്പോർട്ടിന് അടിസ്ഥാനമാക്കിയെടുത്തിരിക്കുന്നത്. ഇക്കാര്യങ്ങളെല്ലാം വ്യക്തമായി ബോധ്യമുള്ള കുറ്റാരോപിതൻ, രേഖകൾ പരിശോധിക്കുന്നതിന് തനിക്ക് നൽകിയ അവസരം വിനിയോഗിക്കാതിരിക്കുകയും തുടർചോദ്യങ്ങൾക്ക് മറുപടി പറയുന്നതിനുള്ള അവസരം ടിയാൾ നിഷേധിക്കുകയുമാണുണ്ടായത്. ഈ അവസരത്തിലും ടിയാന് രേഖകൾ സംബന്ധിച്ച് അന്വേഷണ വിചാരണാധികാരിയോട് ആരായാനുള്ള അവസരമുണ്ടായിരുന്നു. ആയതും ടിയാൻ പ്രയോജനപ്പെടുത്തിയിരുന്നില്ല. കാരണം കാണിക്കൽ നോട്ടീസ് പുറപ്പെടുവിച്ച ശേഷം, ടിയാന് ഫയലുകൾ പരിശോധിക്കുന്നതിന് സൗകര്യം ഒരുക്കണമെന്ന് പെരുവയൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകുകയും പെരുവയൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 27.06.2019 ലെ എ 3-446/12 നമ്പർ കത്തിൽ, കുറ്റാരോപിതന് 15.06.2019 തീയതിയിൽ ഫയലുകൾ പരിശോധിക്കുന്നതിന് അവസരം ഒരുക്കിയിരുന്നെങ്കിലും, ടി തീയ്യതിയിലോ, നാളിതുവരെയോ, ടിയാൻ ഫയലുകൾ പരിശോധിക്കുന്നതിന് ആ ഓഫീസിൽ ഹാജരായിട്ടില്ലെന്ന് പെരുവയൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ KCS (CC&A) ചട്ടം 15 (8) പ്രകാരം തന്റെ ഭാഗം ന്യായീകരിക്കുന്നതിനുള്ള യാതൊരു ശ്രമവും ടിയാന്റെ ഭാഗത്തുനിന്നുണ്ടായിട്ടുമില്ല. ഈ സാഹചര്യത്തിൽ ടിയാന്റെ ആരോപണം ന്യായീകരിക്കത്തക്കതല്ലെന്ന് അഭിപ്രായപ്പെട്ടിരിക്കുന്നു.

കൂടാതെ കാരണംകാണിക്കൽ നോട്ടീസിനൊപ്പം ഔപചാരിക അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പും ടിയാന് ലഭ്യമാക്കിയിട്ടുള്ളതാണ്. അതിനുശേഷവും അന്വേഷണ വിചാരണ റിപ്പോർട്ടിനൊപ്പമുള്ള രേഖകൾ ടിയാൻ അസന്നിഗ്ദ്ധമായി ചോദ്യം ചെയ്തിട്ടില്ല. KCS (CC&A) 15(12)(i)(b) പ്രകാരം സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ പ്രതിപാദിക്കുന്ന നോട്ടീസ് നൽകുകയും, നിർദ്ദിഷ്ട നടപടിക്കെതിരെ നൽകാനുദ്ദേശിക്കുന്ന നിവേദനം സമർപ്പിക്കുന്നതിന് 30 ദിവസത്തെ സമയം നൽകിയിട്ടുള്ളതുമാണ്. എന്നാൽ ടിയാൻ സൂചിപ്പിച്ചിട്ടുള്ളതുപോലെ എൻക്വയറി റിപ്പോർട്ടിൽ റെപ്രസെന്റ് ചെയ്യാനുള്ള അവസരമല്ല ടി ചട്ടത്തിൽ പ്രതിപാദിക്കുന്നത്.

അന്വേഷണ വിചാരണവേളയിൽ കുറ്റാരോപിതൻ മൊഴി നൽകുന്ന വേളയിൽ തുടർചോദ്യങ്ങൾക്ക് മറുപടി പറഞ്ഞിട്ടില്ലാത്തും വാക്കാലുള്ള തെളിവ് നേരത്തേ തന്നേ രേഖപ്പെടുത്തിപ്പെട്ടിട്ടുള്ളതും ഇതിന്റെയും രേഖാമൂലമുള്ള തെളിവുകളുടെയും അടിസ്ഥാനത്തിൽ കേസ് വിലയിരുത്തി അന്വേഷണ വിചാരണാധികാരി തന്റെ കണ്ടെത്തലുകൾ നൽകുകയാണ് ചെയ്തിട്ടുള്ളതെന്നും കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ വ്യക്തമാക്കിയിട്ടുണ്ട്. ഇതിൽ കുറ്റാരോപിതന് നിഷേധിക്കുവാനോ, പരിശോധിക്കുവാനോ, തെറ്റെന്ന് തെളിയിക്കാനോ അവസരം നൽകപ്പെടാത്ത തെളിവിന്റെ യാതൊരു ഭാഗവും പരിഗണനക്കെടുത്തിട്ടുമില്ലായെന്നും കൂടാതെ ഓരോ ചാർജ്ജിനെയും സംബന്ധിച്ച കണ്ടെത്തലുകൾ രേഖപ്പെടുത്തിയിട്ടുമുണ്ടെന്നും സ്വാഭാവിക സംഭവങ്ങൾക്കും, പൊതുവും സ്വീകാര്യവുമായ പ്രവൃത്തികൾക്കും ഭിന്നമായി സാഹചര്യങ്ങൾ ഉള്ളതിനാലാണ് ടിയാനെതിരെ അനുമാനം ഉള്ളതായി കരുതപ്പെട്ടിട്ടുള്ളതെന്നും കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഔപചാരിക അന്വേഷണ വിചാരണ ആദ്യം 27.2.18 ന് നിശ്ചയിച്ച് കുറ്റാരോപിതന് രേഖാമൂലം അറിയിപ്പ് നൽകിയിരുന്നതാണ്. എന്നാൽ തന്റെ എൽ.എൽ.ബി പരീക്ഷ സംബന്ധമായി ഔപചാരിക അന്വേഷണം മറ്റൊരു തിയ്യതിയിലേക്ക് മാറ്റി വെക്കണമെന്ന ടിയാന്റെ തന്നെ അപേക്ഷ പരിഗണിച്ച ആയത് മറ്റൊരു ദിവസത്തിലേക്ക് മാറ്റി വെക്കുകയും, ആയതിന്റെ തുടർ അറിയിപ്പുകൾ കുറ്റാരോപിതന് രേഖാമൂലം നൽകുകയും ചെയ്തിട്ടുള്ളതാണ്. കൂടാതെ അന്വേഷണ വിചാരണ വേളയിൽ ടിയാന് പറയാനുള്ളത് പറയാനും, ആയത് തെളിയിക്കാനുമുള്ള അവസരം നൽകുകയും ചെയ്തിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ സ്വാഭാവിക നീതി നിഷേധിച്ച എന്ന ആരോപണം അടിസ്ഥാനരഹിതമാണ്. കുറ്റാരോപിതനെതിരായി ഉന്നയിച്ചിട്ടുള്ള ആരോപണങ്ങൾ 2011 വർഷത്തിൽ നടന്ന സംഭവങ്ങൾ അടിസ്ഥാനമാക്കിയാണ് ഉന്നയിക്കപ്പെട്ടിരിക്കുന്നത്. ആ സമയത്ത് അന്വേഷണം നടത്തി കണ്ടെത്തലുകൾ നടത്തിയ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ അല്ല അന്വേഷണ വിചാരണാധികാരിയായി ചുമതലപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ തന്നെ മുമ്പത്തെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നടത്തിയ കണ്ടെത്തലുകൾ അന്വേഷണ വിചാരണാധികാരിയെ ഒരു വിധത്തിലും സ്വാധീനിച്ചു എന്ന് കരുതാനാവില്ല. മറിച്ച് നിലവിൽ ടി കേസുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച തന്റേതായ കണ്ടെത്തലുകളും, അനുമാനങ്ങളും, നിരീക്ഷണങ്ങളും, ഓരോ ചാർജ്ജിനെയും സംബന്ധിച്ച രേഖപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. ആയതിനാൽ തന്നെ ടിയാന്റെ ആരോപണം നിലനിൽക്കുന്നതല്ല എന്ന് ബോധിപ്പിച്ചിട്ടുണ്ട്.

കുറ്റാരോപിതനെതിരായി ആരംഭിച്ച അച്ചടക്ക നടപടി, കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 29.10.2012 ലെ ഉത്തരവ് പ്രകാരം കഠിന ശിക്ഷ ചുമത്തി അവസാനിപ്പിക്കുകയാണുണ്ടായത്. എന്നാൽ സീനിയർ ക്ലാർക്കായ ശ്രീ അനീഷിനെതിരെ കഠിന ശിക്ഷ ചുമത്തുന്നതിന് ക്ഷമതയില്ലെന്ന് കണ്ടു മാത്രമാണ് കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ട് ഡയറക്ടറുടെ ഉത്തരവ് റദ്ദ് ചെയ്തത്. ഇതെല്ലാം അധികാരമില്ലാത്തയാൾ ചെയ്തതാണെന്ന് കണ്ട് റദ്ദ് ചെയ്തതാണെന്ന പരാമർശവും അധികാരമില്ലാത്തയാൾ നൽകിയ പഴയ അതേ കുറ്റാരോപണ മെമ്മൊ എന്ന പരാമർശവും വസ്തുതകൾക്ക് നിരക്കാത്തതാണെന്നും അഭിപ്രായപ്പെട്ടിട്ടുണ്ട്.

നഷ്ടപ്പെട്ട എം ബുക്കിന് പകരം പുതിയ എം ബുക്ക് തയ്യാറാക്കിയതാണ് എന്ന് പറഞ്ഞിട്ടുണ്ട്. കൂടാതെ അപ്പീൽ പെറ്റീഷനിലും ഡ്യൂപ്ലിക്കേറ്റ് എം ബുക്ക് ഉണ്ടാക്കിയതായി ശ്രീ.അനീഷ് പറഞ്ഞിട്ടുണ്ട്. ഇതിൽ നിന്നും പുതിയതായി തയ്യാറാക്കിയ ഈ എം ബുക്ക് ഫയലിൽ സൂക്ഷിച്ചതായി അനുമാനിക്കാവുന്നതാണ്. ഈ സാഹചര്യത്തിലാണ്, ബന്ധപ്പെട്ട ഫയലിൽ മെഷർമെന്റ് ബുക്ക് ഉണ്ട് എന്ന മറുപടി സെക്രട്ടറി നൽകിയത് എന്നും അനുമാനിക്കാവുന്നതാണ്. ഈ സാഹചര്യത്തിൽ നഷ്ടപ്പെട്ട എം ബുക്ക് തിരിച്ച് കിട്ടിയതായി ബോധ്യപ്പെടാവുന്നതല്ല എന്നും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവരുടെ മൊഴി, ജൂനിയർ സൂപ്രണ്ടിന്റെ റിപ്പോർട്ട്, ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 24.11.11 ലെ മെമ്മോ എന്നിവ വിലയിരുത്തിയാണ് ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി നിർവ്വഹിക്കുന്നതിൽ ശ്രീ.അനീഷ് ആത്മാർത്ഥത കാണിച്ചിരുന്നില്ലെന്ന് അന്വേഷണവിചാരണാധികാരി നിരീക്ഷിച്ചിട്ടുള്ളത്. കൂടാതെ 2011 സെപ്തംബർ മാസം ടിയാന് 4 ദിവസം ഡ്യൂട്ടി ഇട്ട് തന്റെ 50% മാൻപവർ അധികം ചൂഷണം ചെയ്തതായി കാണാവുന്നതാണ് എന്ന് ശ്രീ.അനീഷ്.കെ ആരോപിച്ചിരിക്കുന്നു. 2011 സെപ്തംബർ മാസത്തെ മൂവ്മെന്റ് രജിസ്റ്റർ പ്രകാരം എൽ.ഡി ക്ലാർക്കുമാർ, ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്ന ആവശ്യത്തിലേക്ക് ഫീൽഡ് പരിശോധനകൾ നടത്തിയതായി കാണുന്നതായി കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ വ്യക്തമാക്കിയിട്ടുണ്ട്. ഡി&ഒ ലൈസൻസ് നൽകലുമായി ബന്ധപ്പെട്ട് ഊർജ്ജിത പരിശോധന നടത്തുന്നത് ഗ്രാമപഞ്ചായത്തുകളിൽ പതിവുള്ളതാണ്. ഇതിലേക്ക് സാധാരണയായി ബന്ധപ്പെട്ട ഫീൽഡ് ചുമതലയുള്ള ക്ലാർക്കുമാരെയാണ് ചുമതലപ്പെടുത്തുന്നത്. കൂടാതെ റൊട്ടേഷൻ അടിസ്ഥാനത്തിലാണ് ക്ലാർക്കുമാരെ ഫ്രണ്ട് ഓഫീസ് ഡ്യൂട്ടിക്ക് നിയോഗിക്കുന്നത് എന്നതിനാൽ പല മാസങ്ങളിലും ഓരോ ജീവനക്കാരനും ചുമതലപ്പെടുത്തുന്ന ഡ്യൂട്ടിയുടെ എണ്ണത്തിൽ ഏറ്റക്കുറച്ചിലുകൾ സാധാരണമാണ്. ഈ സാഹചര്യത്തിൽ ശ്രീ.അനീഷിന് 2011 സെപ്തംബർ മാസത്തിൽ 4 ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി കൊടുത്തതിലോ, നിർവ്വഹിച്ചതിലോ അസ്വാഭാവികത കാണാനാവില്ല എന്നഭിപ്രായട്ടിട്ടുണ്ട്. പെരുവയൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 29.11.11 ലെ പരാതി , പെരുവയൽ ഗ്രാമപഞ്ചായത്തിന്റെ 13/11, 2011-12 തീരുമാനം എന്നിവ വിലയിരുത്തിയതിൽ നിന്നുമാണ് പദ്ധതി ബില്ലുകൾ കൈകാര്യം ചെയ്യുന്നതിലും, പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലും ശ്രീ.അനീഷിന്റെ ഭാഗത്ത് നിന്ന് വേണ്ടത്ര ജാഗ്രത ഉണ്ടായിരുന്നില്ലെന്ന് അന്വേഷണ വിചാരണാധികാരി നിരീക്ഷിച്ചത്.

ശ്രീ.അനീഷ് സമർപ്പിച്ച അപ്പീൽ അപേക്ഷയുടെയും പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കുറ്റാരോപിതനെ നേരിൽ കേൾക്കുകയുണ്ടായി. നേരിൽ കേട്ട സാഹചര്യത്തിലും പ്രത്യേകമായും പുതുതായും ഒന്നുംതന്നെ ടിയാൻ ബോധിപ്പിച്ചിട്ടുള്ളതായി വിലയിരുത്താൻ കഴിഞ്ഞിട്ടില്ല. മാത്രവുമല്ല, അപ്പീലിൻമേലുള്ള പഞ്ചായത്ത് ഡയറക്ടറുടെ വിശദമായ റിപ്പോർട്ട് ശ്രീ.അനീഷിന്റെ എല്ലാ വാദങ്ങളെയും ഖണ്ഡിക്കുന്നതാണ്. ലഭിച്ച രേഖകൾ പ്രകാരം ടിയാന്റെ സർവ്വീസ് കാലയളവ് മുഴുവനായി പരിശോധിച്ചാൽ കോഴിക്കോട് ജില്ലയ്ക്ക് പുറമെ ടിയാൻ സേവനമനുഷ്ഠിച്ചിരുന്ന മറ്റ് ജില്ലകളിലും അച്ചടക്കരാഹിത്യത്തിന്റെ സൂചനകൾ കാണുന്നു. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അന്വേഷണത്തിൽ ഉണ്ടായിട്ടുണ്ട് എന്ന് ആരോപിക്കുന്ന അവകാശലംഘനം കൃത്യമായി അവതരിപ്പിക്കുവാൻ ടിയാൾക്ക് സാധിച്ചിട്ടില്ല. ടിയാന്റെ ഭാഗം വിശദീകരിക്കുവാൻ ന്യായമായ അവസരം നൽകിയിരുന്നുവെന്ന് കാണുന്നു. എന്നാൽ നൽകപ്പെട്ട അവസരം വിനിയോഗിക്കാതിരിക്കുകയും തുടർചോദ്യങ്ങൾക്ക് മറുപടി നൽകുന്നതിനുള്ള അവസരം നിഷേധിക്കുകയും ചെയ്തശേഷം സ്വാഭാവിക നീതി നിഷേധിച്ചുവെന്ന ആരോപണം അംഗീകരിക്കത്തക്കതല്ല

കുറ്റാരോപിതന് 15.06.2019 തീയതിയിൽ ഫയലുകൾ പരിശോധിക്കുന്നതിന് അവസരം ഒരുക്കിയിരുന്നെങ്കിലും, ടി തീയ്യതിയിലോ, നാളിതുവരെയോ, ടിയാൻ ഫയലുകൾ പരിശോധിക്കുന്നതിന് ഓഫീസിൽ ഹാജരായിട്ടില്ലെന്ന് പെരുവയൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്. തുടർചോദ്യങ്ങളിൽ നിന്ന് ശ്രീ.അനീഷ്.കെ ഒഴിഞ്ഞുമാറുകയാൽ വാക്കാലുള്ള അന്വേഷണ വിചാരണ അവസാനിപ്പിക്കേണ്ട ദുര്യോഗം സൃഷ്ടിക്കപ്പെടുകയും ചെയ്തു. കൂടാതെ KCS (CC&A) 15 (8) പ്രകാരം തന്റെ ഭാഗം ന്യായീകരിക്കുന്നതിനുള്ള യാതൊരു ശ്രമവും ടിയാന്റെ ഭാഗത്തുനിന്നുണ്ടായിട്ടുമില്ല. ഈ സാഹചര്യത്തിൽ ഈ ആരോപണവും ന്യായീകരിക്കത്തക്കതല്ല. കൂടാതെ കാരണംകാണിക്കൽ നോട്ടീസിനൊപ്പം ഔപചാരിക അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പും ടിയാന് ലഭ്യമാക്കിയിട്ടുള്ളതാണ്. അതിനുശേഷവും അന്വേഷണ വിചാരണ റിപ്പോർട്ടിനൊപ്പമുള്ള രേഖകൾ ടിയാൻ അസന്നിഗ്ധമായി ചോദ്യം ചെയ്തിട്ടില്ല. KCS (CC&A) 15 (12) (i) (b) പ്രകാരം സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ പ്രതിപാദിക്കുന്ന നോട്ടീസ് നൽകുകയും, നിർദ്ദിഷ്ട നടപടിക്കെതിരെ നൽകാനുദ്ദേശിക്കുന്ന നിവേദനം സമർപ്പിക്കുന്നതിന് 30 ദിവസം നൽകിയിട്ടുള്ളതുമാണ്. എന്നാൽ കുറ്റാരോപിതൻ അന്വേഷണത്തോട് സഹകരിച്ചിട്ടുള്ളതായോ വ്യവസ്ഥകൾ പാലിച്ചിട്ടുള്ളതായോ കാണുന്നില്ല.

അന്വേഷണ വിചാരണവേളയിൽ കുറ്റാരോപിതൻ മൊഴി നൽകുന്ന വേളയിൽ തുടർചോദ്യങ്ങൾക്ക് മറുപടി പറഞ്ഞിട്ടില്ലാത്തതും വാക്കാലുള്ള തെളിവ് നേരത്തേ തന്നേ രേഖപ്പെടുത്തിപ്പെട്ടിട്ടുള്ളതും ഇതിന്റെയും രേഖാമൂലമുള്ള തെളിവുകളുടെയും അടിസ്ഥാനത്തിൽ കേസ് വിലയിരുത്തി അന്വേഷണ വിചാരണാധികാരി തന്റെ കണ്ടെത്തലുകൾ നൽകുകയാണ് ചെയ്തിട്ടുള്ളതെന്നും ഇതിൽ കുറ്റാരോപിതന് നിഷേധിക്കുവാനോ, പരിശോധിക്കുവാനോ, തെറ്റെന്ന് തെളിയിക്കാനോ അവസരം നൽകപ്പെടാത്ത തെളിവിന്റെ യാതൊരു ഭാഗവും പരിഗണനക്കെടുത്തിട്ടില്ലായെന്നും അറിയിച്ചിട്ടുണ്ട്. ഔപചാരിക അന്വേഷണ വിചാരണ ആദ്യം 27.2.18 ന് നിശ്ചയിച്ച് കുറ്റാരോപിതന് രേഖാമൂലം അറിയിപ്പ് നൽകിയിരുന്നതാണ്. എന്നാൽ തന്റെ എൽ.എൽ.ബി പരീക്ഷ സംബന്ധമായി ഔപചാരിക അന്വേഷണം മറ്റൊരു തിയ്യതിയിലേക്ക് മാറ്റി

വെക്കണമെന്ന ടിയാന്റെ തന്നെ അപേക്ഷ പരിഗണിച്ച് ആയത് മറ്റൊരു ദിവസത്തിലേക്ക് മാറ്റി വെക്കുകയും, ആയതിന്റെ തുടർ അറിയിപ്പുകൾ കുറ്റാരോപിതന് രേഖാമൂലം നൽകുകയും ചെയ്തിട്ടുള്ളതാണ്. കൂടാതെ അന്വേഷണ വിചാരണ വേളയിൽ ടിയാന് പറയാനുള്ളത് പറയാനും, ആയത് തെളിയിക്കാനുമുള്ള അവസരം നൽകുകയും ചെയ്തിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ സ്വാഭാവിക നീതി നിഷേധിച്ചു എന്ന ആരോപണം അടിസ്ഥാനരഹിതമാണ്. കുറ്റാരോപിതനെതിരായ ആരോപണങ്ങൾ 2011 വർഷത്തിൽ നടന്ന കാര്യങ്ങൾ അടിസ്ഥാനമാക്കിയാണ് ഉന്നയിക്കപ്പെട്ടിരിക്കുന്നത്. ആ സമയത്ത് അന്വേഷണം നടത്തി കണ്ടെത്തലുകൾ നടത്തിയ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ അല്ല അന്വേഷണ വിചാരണാധികാരിയായി ചുമതലപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ തന്നെ അക്കാലത്തെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നടത്തിയ കണ്ടെത്തലുകൾ അന്വേഷണ വിചാരണാധികാരിയെ ഒരു വിധത്തിലും സ്വാധീനിച്ചു എന്ന് കരുതാനാവില്ല .മറിച്ച് നിലവിൽ ടി കേസുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് തന്റേതായ കണ്ടെത്തലുകളും, അനുമാനങ്ങളും, നിരീക്ഷണങ്ങളും, ഓരോ ചാർജ്ജിനെയും സംബന്ധിച്ച് രേഖപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്.

2013 വർഷത്തിൽ പഞ്ചായത്ത് ഡയറക്ടർ ഇതെല്ലാം അധികാരമില്ലാത്തയാൾ ചെയ്തതാണെന്ന് കണ്ട് ശിക്ഷണ നടപടികൾ റദ്ദ് ചെയ്തിട്ടുള്ളതാണ് എന്ന ആരോപണവും അടിസ്ഥാനരഹിതവും തെറ്റദ്ധാരണാജനകവുമാണ് എന്നും അറിയിച്ചിട്ടുണ്ട്. ടിയാനെതിരെ ആരംഭിച്ച അച്ചടക്ക നടപടി, കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 29.10.2012 ലെ ഉത്തരവ് പ്രകാരം കഠിനശിക്ഷ ചുമത്തി അവസാനിപ്പിക്കുകയാണുണ്ടായത്. എന്നാൽ സീനിയർ ക്ലാർക്കായ ടിയാനെതിരായ കഠിന ശിക്ഷ ചുമത്തുന്നതിന് ക്ഷമതയില്ലെന്ന് കണ്ടു മാത്രമാണ് കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഉത്തരവ് റദ്ദ് ചെയ്തത്. പദ്ധതി ബില്ലുകൾ കൈകാര്യം ചെയ്യുന്നതിലും, പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിൽ ഗ്രാമപഞ്ചാത്തിന് സഹായകരമായ നടപടികൾ സ്വീകരിക്കുന്നതിലും ശ്രീ അനീഷിന്റെ ഭാഗത്ത് വേണ്ടത്ര ജാഗ്രത ഉണ്ടായിരുന്നില്ലെന്നും തെളിയുന്നു. പ്രസ്തുത അപേക്ഷ പരിശോധിച്ചതിൽ അച്ചടക്ക നടപടിക്രമത്തിലെ വീഴ്ചകൾ കൊണ്ട് ടിയാനെതിരെയുള്ള അച്ചടക്ക നടപടി നിലനിൽക്കുകയില്ലെന്നും, തനിക്കെതിരെ അകാരണമായാണ് അച്ചടക്ക നടപടി സ്വീകരിച്ചതെന്നും മറ്റുമുള്ള അപ്പീൽ അപേക്ഷയിലെ ടിയാന്റെ വാദങ്ങളെല്ലാം തികച്ചും വാസ്തവവിരുദ്ധവും അടിസ്ഥാനരഹിതവുമാണെന്ന് വ്യക്തമാണ്. ടിയാന്റെ അപ്പീൽ അപേക്ഷയിൽ 1960 കേരള സിവിൽ സർവ്വീസ് (നിയന്ത്രണവും തരംതിരിവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള അന്വേഷണം നടത്തിയതിലെ വീഴ്ചകളും ചട്ടലംഘനവുമാണ് പ്രധാനമായും ചൂണ്ടിക്കാണിച്ചിരിക്കുന്നത്. മുകളിൽ വിശദീകരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുമ്പോൾ പ്രസ്തുത വാദമുഖങ്ങൾ ഒന്നും നിലനിൽക്കാത്തതാണ് എന്ന് കാണുന്നു. മേൽ സാഹചര്യത്തിൽ പഞ്ചായത്ത് ഡയറക്ടർ ഈ കേസിൽ മുൻപ് സ്വീകരിച്ച അച്ചടക്ക നടപടിയായ 3 വാർഷിക ശമ്പളവർദ്ധനവ് സഞ്ചിതഫലത്തോടെ തടയുക എന്ന ശിക്ഷാനടപടി അതേപടി നിലനിർത്തികൊണ്ടും ശ്രീ.അനീഷ്.കെ സമർപ്പിച്ച അപ്പീൽ അപേക്ഷ നിരസിച്ച് കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യു
അഡിഷണൽ സെക്രട്ടറി

പകർപ്പ്

1. ശ്രീ. അനീഷ് കെ, മുൻ സീനിയർ ക്ലാർക്ക്, പെരുവയൽ ഗ്രാമ പഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

3. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ

4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം

6. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/233/2019/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by Sudheer S S
Date: 06-07-2021 17:41:12
Reason: Approved
സെക്ഷൻ ഓഫീസർ